(b) 21. Public Works—Cranganur

Rao Sahib K. Ayyappan *(Minister for Public Works)* : I move that an allotment of Rs. 1,33,320 be granted under "Public Works—Cranganur"

Demand put and carried

(c) 26. Medical

Rao Bahadur T. K. Nayar *(Minister for Public Health)*: I move for grant of Rs. 15,24,467 under "26 Medical." There are various cut motions and when they are moved I shall give explanations wherever necessary.

Cut motion No. 1 standing in the name of Mr. M. I. Paul was not taken up since the Member was not in his seat at the time. It was therefore considered withdrawn.

Cut motion Nos. 2 and 3 standing in the name of Chowdhury G. S. Dhara Singh were not moved and hence considered withdrawan.

CUT MOTIONS

1. Starting of a Dispensary at Azhikkode

Choudhuri G. S. Dhara Singh *(Mattancheri)*: "Sir, I beg move To reduce the allotment of Rs. 11,67,837 for Medical in Demand No. 26 (1) by Re. 1 (To impress upon the Government to start a dispensary at Azhikkal." സർ, ഇതു് ഒരു പ്രാദേശിക ആവശ്യത്തെക്കുറിച്ചുള്ള ഉപക്ഷേപമാണു്. വലുതായിട്ടൊന്നും പ്രസംഗിക്കേണ്ട ആവശ്യമില്ല. ഞാറയ്ക്കൽ മുതൽ അഴീക്കൽവരെയുള്ള വൈപ്പിൻ പ്രദേശത്തു് ഒരു ഡിസ്പെൻസറിപോലും ഇല്ലെന്നു പറയുമ്പോൾ ഏറ്റവുമധികം ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ആ തീരപ്രദേശങ്ങളിലെ ഒരു വലിയ വിഭാഗം ജനങ്ങൾ എത്രത്തോളം ദുരിതം അനുഭവിക്കുന്നുണ്ടു് എന്നുള്ളതു് ഞാൻ പറയാതെതന്നെ ഗവൺമെണ്ടിനു് ബോദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ഞാറയ്ക്കലുള്ള ആസ്പത്രിയിലേക്കു് ഈ പ്രദേശങ്ങളിൽനിന്നു് ഒരു രോഗിയെ കൊണ്ടുപോകണമെങ്കിൽ ഏഴെട്ടുമയിൽ ദൂരം നടക്കേണ്ടിവരും. മുപ്പതിനായിരത്തിൽപരം ജനങ്ങൾ താമസിക്കുന്ന ഒരു പ്രദേശമാണു് ഇതു്. ഈ ജനങ്ങളുടെ ആവശ്യത്തിന്നായി ഒരു ഡിസ്പെൻസറി അവിടെ ഉണ്ടാക്കേണ്ടതു് ഏറ്റവും പരിമിതമായ ആവശ്യമാണു്. ഒരു out-patient dispensary എങ്കിലും ഞാൻ പറയാതെതന്നെ ഗവൺമെണ്ടു് ഇതിനകം ഏർപ്പെടുത്തേണ്ട ചുമതലയുണ്ടായിരുന്നു. അതു് ഇതുവരേയും നടത്താതിരുന്നതുകൊണ്ടാണു് ഞാൻ ഈ ഉപക്ഷേപംമൂലം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ ഈ സംഗതി കൊണ്ടുവന്നതു്. ഇതു് ഉടനടിതന്നെ നടപ്പിലാക്കുവാൻ ഗവൺമെണ്ടു് ഒരുങ്ങുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഗവൺമെണ്ടുഭാഗത്തുനിന്നും മറുപടി കേട്ടശേഷം എനിക്കു് വല്ലതും പറയാനുണ്ടെങ്കിൽ പറയാമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ലോകത്തിൽ ഏറ്റവും അധികം ആളുകൾ തിങ്ങി പാർക്കുന്ന ഒരു പ്രദേശമാണു് വൈപ്പീൻ. അവിടെയുള്ള ആളുകളും അധികവും അതീവദരിദ്രന്മാരാണു്. അവർക്കു് എന്തെങ്കിലും സുഖക്കേടു് വന്നാൽ എറണാകുളം ആസ്പത്രിയിലെക്കൊ ഞാറക്കലേക്കൊ കൊണ്ടുവരണം. ഞാറക്കലേക്കു പോകാൻ ശരിയായ വഴിയില്ല. അങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ടു് കഴിയുന്നതും വേഗം ഈ ഒരു ഡിസ്പെൻസറി അവിടെ തുറക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

റാവുബഹദൂർ ടി. കെ. നായർ: അഴീക്കൽ ഒരു ഡിസ്പെൻസറിയുടെ കാര്യത്തെപ്പറ്റി ഗവൺമെണ്ടു് ആലോചിച്ചിട്ടുണ്ടു്. ഫ്ലഡ്-ലേക്കുള്ള ബഡ്ജറ്റിൽ ഇതിന്നു് യാതൊരു സംഖ്യയും കൊള്ളിച്ചിട്ടില്ല എന്നിരുന്നാലും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ധാരാസിങ്ങു് പറഞ്ഞമാതിരി ഒരു Out patient Dispensary ഉള്ള dispensaryഎങ്കിലും സ്ഥാപിക്കുന്നതിന്നു്, നിവൃത്തിയുള്ളതും ഫ്ലഡ്-ൽതന്നെ, പരിശ്രമിക്കുന്നതാണു്. നിവൃത്തിയില്ലാതെവന്നാൽ ഫ്ലഡ്-ൽ തിച്ചുയായുമുണ്ടാക്കാം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: സർ, ബഡ്ജറ്റിൽ കൊള്ളിക്കാത്തതിനാൽ ഫ്ലഡ്-ൽതന്നെ നടത്തുവാൻ സാധിച്ചില്ലെങ്കിലും ഫ്ലഡ്-ൽ നടത്താമെന്നു് കണിശമായിട്ടും മന്ത്രി മറുപടി പറഞ്ഞ സ്ഥിതിക്കു് കൂടുതൽ മുറുകെപ്പിടിച്ചാൽ ഫ്ലഡ്-ൽതന്നെ നടന്നേക്കാമെന്നുള്ളതുകൊണ്ടു് ഞാൻ ഇതു് press ചെയ്യുന്നില്ല. സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

LIBRARY ARCHIVES Kerala Legislative Assembly